# ‘ദൈവീക പദ്ധതി’

## മത്തായി 21:03

“നിങ്ങളോട് ആരെങ്കിലും എന്തെങ്കിലും ചോദിച്ചാൽ ‘കർത്താവിന് ഇവയെക്കൊണ്ട് ആവശ്യമുണ്ട് എന്ന് അയാളോട് പറവിൻ.”

ഒലിവുമലയ്ക്കടുത്തുള്ള ബേത്ത്ഫാഗയിൽ വെച്ച് കർത്താവ് തന്റെ രണ്ട് ശിഷ്യന്മാരെ വിളിച്ച് അടുത്തുള്ള ഗ്രാമത്തിൽ ചെന്ന് കെട്ടപ്പെട്ടതായ കഴുതക്കുട്ടിയെ അഴിച്ചു കൊണ്ടുവരുവാൻ ആവശ്യപ്പെട്ടപ്പോൾ, തന്റെ ശിഷ്യന്മാരോട് പറഞ്ഞതായ വാക്കുകളാണിവ. ഇന്ന് ഈ കെട്ടപ്പെട്ടനിലയിലുള്ള കഴുതയുമായി നമ്മുടെ ജീവിതത്തെ ഒന്നു തട്ടിച്ചു നോക്കാം. ഒരു കഴുതക്ക് അഹങ്കരിക്കാനോ, പ്രശംസിക്കാനോ ഒന്നും ഇല്ല. യോഗ്യതയായി പറയാനും ഒന്നുമില്ല. എന്നാൽ അങ്ങനെയുള്ള ഒരു കഴുതയെ തേടിയെത്തി അതിന്റെ മേൽ കർത്താവ് കയറിയപ്പോൾ അതിന് മാനം ലഭിച്ചു. യോഗ്യതയുള്ള മറ്റു അനേകം മൃഗങ്ങൾ ഉണ്ടായിരിക്കെ തന്നെ കർത്താവ് കഴുതയെ തന്റെ ആവശ്യത്തിനായി തിരഞ്ഞെടുത്തുവെങ്കിൽ ഇന്ന് ഈ ഒരു മനോഭാവത്തോടെ കർത്താവിന്റെ സന്നിധിയിൽ ഒരു കഴുതയായി താണിരിപ്പാൻ മനസ്സു കാണിച്ചാൽ അവൻ നമ്മോടും പറയും ‘എനിക്കു നിന്നെ കൊണ്ട് ആവശ്യമുണ്ട്’. നാം സ്വയം കടുവ ആകാനോ, കുതിര ആകാനോ ഒന്നും കർത്താവ് ആഗ്രഹിക്കുന്നില്ല. നാം ആയിരിക്കുന്ന അവസ്ഥയിൽ തന്നെ അവൻ നമ്മുടെ കെട്ടുകളഴിച്ച് നമ്മെ അവനായി ഉപയോഗിക്കും. പക്ഷെ താഴ്മയും, എളിമയും ഉണ്ടാവണം. അഹങ്കാരത്തെ ഉപേക്ഷിക്കണം.

നാം ഇന്ന് മറ്റ് പലരേയും കഴുതയായി മുദ്രകുത്തി നമ്മെ കുതിരയായി കരുതുന്നു. പക്ഷെ ദൈവത്തിന്ന് അവരെ കൊണ്ട് ആവശ്യമുണ്ട്. സ്വയം കുതിര എന്നു പറയുന്ന നിന്നെക്കൊണ്ടാവില്ല. വിക്കനായ മോശയെ ദൈവം തിരഞ്ഞെടുത്തു. ദൈവീക പദ്ധതിക്കായി, അവന്റെ കുറവോടു കൂടി തന്നെ, ഉപയോഗിച്ചു. നമ്മെയും അവന്റെ ഹിതത്തിനായി ഉപയോഗിക്കാൻ അവന് മനസ്സാണ്. ദൈവസന്നിധിയിൽ വിധേയപ്പെട്ട്, അനുസരണയോടെ, താഴ്മയോടെ നിൽക്കുന്നവരെയാണ് അവന് ആവശ്യം. ശിഷ്യന്മാരെ തിരഞ്ഞെടുക്കുമ്പോഴും ഇതു തന്നെയാണ് നാം കാണുന്നത്. സമൂഹത്തിൽ ഉയർന്നവരെയോ, യോഗ്യതയുടെ അടിസ്ഥാനത്തിലോ ഒന്നുമല്ല തിരഞ്ഞെടുപ്പ് നടത്തിയത്. സമൂഹം മറ്റി നിർത്തിയവരെ ദൈവം തിരഞ്ഞെടുത്തു. ബന്ധിക്കപ്പെട്ടതിനെ അഴിച്ചെടുത്ത് കർത്താവ് ഉപയോഗിച്ചു. ഇന്നും അതുപോലെ തന്നെ പല രീതിയിൽ ബന്ധിക്കപ്പെട്ട്, അടിമപ്പെട്ട് കിടക്കുന്നവരെ വിടുവിപ്പിച്ച് ദൈവം തന്റെ വിലയേറിയ

പദ്ധതിക്കായ് ഉപയോഗിക്കുന്നു. നമ്മെ ഇന്നും കർത്താവിന് പൂർണ്ണമായി ഉപയോഗിക്കാൻ സാധിച്ചിട്ടില്ല എങ്കിൽ നമ്മിലുള്ള മനോഭാവം മാറണം, കഴുതയോളം താഴാൻ മനസുള്ളവരാവണം.

ഇന്നലെവരെ ആട്ടും തുപ്പും ഏറ്റു കിടന്ന യാതൊരു വിലയുമില്ലാതിരുന്ന കഴുതയ്ക്ക് ഇന്ന് മാനം ലഭിച്ചു. അതിന് കാരണം കഴുതപ്പുറത്തിരിക്കുന്ന രാജാധിരാജാവാണ്, കഴുതയുടെ മിടുക്കല്ല. ഇത് എന്നും നാം ഓർക്കണം. നമ്മുടെ യോഗ്യത കൊണ്ടല്ല, മറിച്ച് അവന്റെ തിരഞ്ഞെടുപ്പ് കൊണ്ടാണ്. ഈ കഴുതയെ തിരഞ്ഞെടുക്കാൻ മാത്രം താഴ്മയുള്ള മനസ്സ് രാജാധിരാജാവ് കാണിച്ചെങ്കിൽ, കഴുതയോളം താഴാൻ നാമും മനസ്സ് വയ്ക്കണം. താഴ്മ ഒരിക്കലും ഒരു പരാജയമല്ല, കീഴടങ്ങലല്ല. അത് ഒരു ദൈവീക കൃപയാണ്. ആരുടെ മുന്നിലും താഴാൻ പഠിക്കണം. അഹങ്കാരം മറ്റി വയ്ക്കണം. അപ്പോൾ അവൻ നമ്മെയും തന്റെ ഹിതത്തിനായി ഉപയോഗിക്കും. ഈ ഒരു മനോഭാവത്തിനായി ദൈവത്തോട് പ്രാർത്ഥിക്കാം. എന്നെയും തിരഞ്ഞെടുക്കേണമേ, തിരുഹിതത്തിനായി ഉപയോഗിക്കണേ എന്നു യാചിക്കാം. കർത്താവിനെ വഹിക്കുന്ന ഒരു കഴുതയായി മാറാൻ കൃപ തരേണമേ എന്നു അനുതപിക്കാം. ദൈവം നമ്മെ അനുഗ്രഹിക്കുമാറാകട്ടെ

**പരാമർശം**

സങ്കീർത്തനങ്ങൾ 118:22–23

**"വീടു പണിയുന്നവർ തള്ളിക്കളഞ്ഞ കല്ല് മൂലക്കല്ലായി തീർന്നിരിക്കുന്നു. ഇതു യഹോവയാൽ സംഭവിച്ചു നമ്മുടെ ദൃഷ്ടിയിൽ ആശ്ചര്യമായിരിക്കുന്നു."**

**സിസ്റ്റർ. നിനു ബിനു ബേബി ആലപ്പുഴ 048**